The question that a supplementary sum not exceeding Rs. 15,300 be granted under Demand XIX—39—Public Health was put and carried.

The grant was made.

Demand XX—40—Agriculture.

Minister For Health (SHRI A. A. RAHIM): Sir, I move for a supplementary grant of Rs. 13,10,000 under Demand XX—40 Agriculture.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. പി. വിശ്വംഭരൻ: സർ, അഗ്രികൾച്ചറൽ കോളേജിലെ ആവശ്യത്തിലേക്കാണ് ഈ ഡിമാൻഡ് കൊണ്ടുവന്നിരിക്കുന്നത്. ഈ കോളേജിനോടനുബന്ധിച്ചു ഒരു വെറ്ററിനറി കോളേജുകൂടി അവിടെ നടത്തണമെന്നായിരുന്നു കഴിഞ്ഞ ഗവണ്മെൻറ് തീരുമാനിച്ചിരുന്നത്. അങ്ങനെ പ്രഖ്യാപിച്ചതിനുശേഷം രണ്ടു കോളേജും രണ്ടിടത്താക്കിയതു പ്രാദേശികവും, രാഷ്ട്രീയവുമായ കാരണങ്ങളാലാണെന്നാണ് എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇങ്ങനെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചെങ്കിലും, ഈ വിധത്തിലുള്ള പരിശീലനകേന്ദ്രം ഉണ്ടാകരുതെന്നാണ് ഈ അവസരത്തിൽ എനിക്ക് ഗവണ്മെൻറിനെ അറിയിക്കുവാനുള്ളത്. മറ്റു സ്ഥലങ്ങളിൽ കോളേജുകൾ സ്ഥാപിക്കുന്നതിലുള്ള എതിർപ്പുകൊണ്ടല്ല, ഞാനിതു പറഞ്ഞത്. മറ്റു സ്ഥലങ്ങളിൽ കോളേജുകൾ ഉണ്ടാകുന്നതിൽ ആക്ഷേപം ആക്ഷേപമില്ല. ഈ സംസ്ഥാനത്തെ മാത്രമല്ല, ഇൻഡ്യാഗവണ്മെൻറിനേയും വിദഗ്ദ്ധന്മാർ വന്നു സ്ഥലം പരിശോധിച്ചുകൊടുത്ത നിർദ്ദേശമനുസരിച്ച് പഴയ ഗവണ്മെൻറ് വെള്ളായണിയിൽ ഒരു സംയുക്ത കാർഷിക-മൃഗവൈദ്യ കോളേജു സ്ഥാപിക്കണമെന്നു തീരുമാനിച്ചു. ഇപ്പോഴത്തെ ഗവണ്മെൻറ് അതിനു മാറ്റം വരുത്തിയതു ഏറ്റവും അനീതിയായിപ്പോയി എന്നു പറയാതെ തരമില്ല. ഇപ്പോൾ കാര്യങ്ങൾ നടന്നുപോയതുകൊണ്ട് അതിനെപ്പറ്റി പറഞ്ഞിട്ടു പ്രയോജനമില്ല; എങ്കിലും മേലാലെങ്കിലും ഇങ്ങനെയുള്ള പരിശീലനകേന്ദ്രം ഉണ്ടാകാതിരുന്നാൽ കൊള്ളാമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇപ്പോൾ കാര്യം നടന്നതുകൊണ്ട് പ്രയോജനമില്ലെന്നു പറഞ്ഞുവല്ലോ. വേറൊരു ഗവണ്മെൻറ് വന്നാൽ അതു തിരിയെ ഇങ്ങോട്ടു മാറ്റാവുന്നതല്ലേ?

ശ്രീ. പി. വിശ്വംഭരൻ: മര്യാദയുള്ള ഒരു ഗവണ്മെൻറും അങ്ങനെ ചെയ്യുകയില്ല.

എന്തായാലും ഇപ്പോൾ അഗ്രിക്കൾച്ചറൽ കോളേജ് വെള്ളായണിയിൽ തുടങ്ങിയിരിക്കുകയാണ്. അതിനെ സംബന്ധിച്ച് ഗവണ്മെൻറിനു വ്യക്തമായ ഒരു പദ്ധതിയുമില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു. ആയുർവേദ കോളേജിലെ രീതിപോലെ വരുത്തെ ശരിയായ ഒരു സിലബസ്സ് അനുസരിച്ചു സമഗ്രമായ ഒരു അദ്ധ്യയന കോഴ്സ് അവിടെ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയുണ്ടാക്കണം. കോളേജിരിക്കുന്ന സ്ഥലവും അതിൻറെ പരിസരവുംകൂടി നന്നാക്കാൻ ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. 'മെഡിക്കൽ കാളേജ്' ഏരിയാ ഡെവലപ്മെൻറ് സ്കീം' പോലെ ഒരു സ്കീം ആസൂത്രണം ചെയ്ത് ഈ കാളേജിൻെറ പരിസരങ്ങളും അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. കാളേജിൻെറ കാമ്പസ്സിനകത്തുള്ള പ്രദേശങ്ങൾ മാത്രമല്ല, പുറമുള്ള സ്ഥലങ്ങളും കൂടി നന്നാക്കേണ്ടതാണ്. 'അഗ്രിക്കൾച്ചറൽ കാളേജ് ഏരിയാ' എന്നൊരു സങ്കേതം നിർദ്ദേശിച്ചു. ആ പ്രദേശം മുഴുവനും അഭിവൃദ്ധിപ്പെടുത്തണം. അതിനോടു ബന്ധപ്പെട്ട രണ്ടുമൂന്നു റോഡുകൾ ഉണ്ട്. അവയെ നന്നാക്കുകയും വികസിപ്പിക്കുകയും ചെയ്യണം. രണ്ടുമൂന്നു പാലങ്ങൾ അവിടെ ആവശ്യമാണ്. ഇപ്പോൾ അവിടെ ഗതാഗതസൗകര്യം വേണ്ടുവോളമില്ല. വെള്ളായണിക്കായൽ ഇപ്പോൾ ഈ കാളേജിൻെറ ആവശ്യത്തിനുവേണ്ടി ഗവണ്മെൻറധീനതയിൽ വച്ചിരിക്കുകയാണ്. ഈ കായൽ മുഴുവനും കാളേജിൻെറ ആവശ്യത്തിനു വേണമോ എന്നു ഗവണ്മെൻറ് ആലോചിക്കുകയും, സ്ഥലം അധികം ഉണ്ടെന്നു കണ്ടാൽ അതു കൃഷിയുടെ ഉപയോഗത്തിനായി ഭൂമിയില്ലാത്ത കർഷകർക്ക് വിട്ടുകൊടുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

MR. SPEAKER: Time is up. I am going to put all the Demands to vote.

The question that a supplementary sum not exceeding Rs. 13,10,000 be granted under Demand XX-40 Agriculture was put and carried.

The grant was made.

Demand XXI—40 A.-Rural Development.

The question that a supplementary sum not exceeding Rs. 3,37,000 be granted under Demand XXI—40 A. Rural Development, was put and carried.

The grant was made.

Demand XXII—41—Veterinary.

The question that a supplementary sum not exceeding Rs. 2,00,000 be granted under Demand XXII—41. Veterinary, was put and carried.

The grant was made.

Demand XXIII—42. Co-operation.

The question that a supplementary sum not exceeding Rs. 44,500 be granted under Demand XXIII—42. Co-operation, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly